**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2400** **13-09-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ആയുഷ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങളിലാണ് ആയുഷ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തൃക്കോവിൽവട്ടം സർക്കാർ ഹോമിയോ ഡിസ്പെൻസറി, കണ്ണനല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര സർക്കാർ ആയുർവേദ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളെ നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കിയ പദ്ധതിയിലൂടെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി ഉയർത്തിയിട്ടുണ്ട്.<br><br>കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>-----------------------------------------------------------------------------------------------------------------------------------------------<br><br>**സ്ഥാപനം പദ്ധതി**<br><br>-----------------------------------------------------------------------------------------------------------------------------------------------<br><br>സർക്കാർ ആയുർവേദ ആശുപത്രി, നെടുമ്പന പ്രസൂതി തന്ത്ര (പ്ലാൻ പദ്ധതി)<br><br>സർക്കാർ ആയുർവേദ ഡിസ്പെൻസറി, കണ്ണനല്ലൂർ KASH സ്റ്റാൻഡേർഡ് (പ്ലാൻ പദ്ധതി)<br><br>സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര KASH സ്റ്റാൻഡേർഡ് (പ്ലാൻ പദ്ധതി)<br><br>റിനൊവേഷൻ (നാഷണൽ ആയുഷ് മിഷൻ) |

| | | | |
|---|---|---|---|
| | | | സർക്കാർ ആയുർവേദ ഡിസ്പെൻസറി, പെരിനാട് പുതിയ ആശുപത്രി കെട്ടിടം (ഫിഷറീസ് & പോർട്ട് വകുപ്പ്) |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കുണ്ടറ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കണ്ണനല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര സർക്കാർ ആയുർവേദ ഡിസ്പെൻസറി, തൃക്കോവിൽവട്ടം സർക്കാർ ഹോമിയോ ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി മാറ്റുന്നതിനായി അഞ്ചു ലക്ഷം രൂപ അടിസ്ഥാന സൗകര്യ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളായി മാറ്റുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ ലാപ് ടോപ്പ്, ഔഷധ സസ്യതോട്ടം, മൾട്ടി പർപ്പസ് വർക്കറുടെ തസ്തിക, ഫുൾ ടൈം യോഗ ഇൻസ്ട്രക്ടർ തസ്തിക, എല്ലാ വർഷവും ശമ്പളവും മറ്റും നൽകുന്നതിനായി 4.57ലക്ഷം രൂപ വീതം റെക്കറിംഗ് ഗ്രാന്റ് എന്നിവ അനുവദിച്ചിട്ടുണ്ട്.<br><br>കുണ്ടറ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ താഴെ പറയും പ്രകാരം സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ ആയുർവേദ ആശുപത്രി, നെടുമ്പന</u>**<br><br>2016-17 സാമ്പത്തിക വർഷം മുതൽ KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഫർണിച്ചറുകൾ, ഉപകരണങ്ങൾ, കംപ്യൂട്ടറുകൾ, ടോക്കൺ മെഷീൻ, വേയിംഗ് മെഷീൻ, ലബോറട്ടറി ഉപകരണങ്ങൾ, വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങുന്നതിനായി തുകകൾ അനുവദിച്ചിട്ടുണ്ട്. 2016-17 മുതൽ പ്രസൂതിതന്ത്ര പദ്ധതിയുടെ നടത്തിപ്പിനായി ഒരു മെഡിക്കൽ ഓഫീസറേയും അറ്റൻഡറേയും നിയമിക്കുന്നതിനും ഔഷധം വാങ്ങുന്നതിനായും കണ്ടീജൻസി ഇനത്തിലും തുകകൾ അനുവദിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ ആയുർവേദ ഡിസ്പെൻസറി, കണ്ണനല്ലൂർ</u>**<br><br>KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 4ലക്ഷം രൂപയും, 2020-21 ൽ 5.02ലക്ഷം രൂപയും അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ ആയുർവേദ ഡിസ്പെൻസറി, കൊറ്റങ്കര</u>** |

| | | | |
|---|---|---|---|
| | | | KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി ഫർണീച്ചറുകൾ, ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനായി 2016-17 സാമ്പത്തിക വർഷം 2,37,259/- രൂപയും 2021-22 ൽ 22,855/- രൂപയും വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി നാഷണൽ ആയുഷ് മിഷനിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ ഒ.പി റൂം, പേഷ്യന്റ് വെയിറ്റിംഗ് റൂം, ടോയ് ലറ്റ്, സ്റ്റെയർകെയ്സ് നിർമ്മാണത്തിനായി 20ലക്ഷം രൂപ അനുവദിച്ചിരുന്നു. KASH സ്റ്റാൻഡേർഡ് കൈവരിക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അറ്റകുറ്റപ്പണികൾക്കായി 2020-21 സാമ്പത്തിക വർഷം 4,73,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**<u>സർക്കാർ ആയുർവേദ ഡിസ്പെൻസറി, പെരിനാട്</u>**<br><br>പുതിയ ആശുപത്രി കെട്ടിടം, ഇലക്ട്രിസിറ്റി, ഫർണീച്ചർ, ഉപകരണങ്ങൾ എന്നിവയ്ക്കായി ഫിഷറീസ് & പോർട്ട്സ് വകുപ്പിൽ നിന്നും 198ലക്ഷം രൂപ അനുവദിക്കുകയും ആയതിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ